**No. U1/ 8388/ 2009**

പോലീസ് ആസ്ഥാനം
തിരുവനന്തപുരം
തിയതി 25. 01. 2009

# സർക്കുലർ 06/2009

വിഷയം: റോഡപകടങ്ങളിൽ പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നവരെ കേസിൽ സാക്ഷിയാക്കുന്നത് - സംബന്ധിച്ച്-

റോഡപകടങ്ങളിൽ പരിക്കേറ്റവരെ എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു പൗരധർമ്മമാണ്. അങ്ങനെ ചെയ്യുന്ന വ്യക്തികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജീവൻ രക്ഷാപ്രവർത്തനത്തിലേർപ്പെടുന്ന അത്തരമൊരാൾക്ക് പോലീസിൽ നിന്ന് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകുവാൻ പാടുള്ളതല്ല. റോഡപകടങ്ങളിൽ പരിക്കേറ്റ ഒരാളെ ആശുപത്രിയിൽ കൊണ്ടുപോകുന്ന ആരേയും ചോദ്യം ചെയ്യാനായി ആ കാരണം കൊണ്ട്മാത്രം പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിക്കുവാൻ പാടില്ല. അവരിൽ നിന്ന് എന്തെങ്കിലും വിവരം അറിയണമെങ്കിൽ, അവരുടെ സൗകര്യമറിഞ്ഞശേഷം അവരുടെ വീട്ടിലോ അവർക്ക് സൗകര്യമുണ്ട് എന്ന് അവർ പറയുന്ന മറ്റേതെങ്കിലും സ്ഥലത്തോ പോയി പോലീസ് അവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കണം.

റോഡപകടങ്ങളിൽ പരിക്കേറ്റവരെ ആശുപത്രിയിലെത്തിച്ച ആളുകളെ, അവർ കേസിനാസ്പദമായ സംഭവത്തിനു നേരിട്ട് ദൃക്സാക്ഷിയല്ലെങ്കിൽ കേസിൽ വിസ്തരിക്കേണ്ട സാക്ഷികളുടെ പട്ടികയിൽ സാധാരണഗതിയിൽ ഉൾപ്പെടുത്തേണ്ടതില്ല. നേരത്തെ നടന്ന അപകടം മൂലം വഴിയിൽ പരിക്കേറ്റുകിടന്ന ആളെ ആശുപത്രിയിൽ കൊണ്ടുപോയി എന്ന ഒറ്റക്കാരണത്താൽ ആരും അപകടത്തിന് ദൃക്സാക്ഷി ആകുന്നില്ല. ഏതെങ്കിലും കേസിൽ ഏതെങ്കിലും പ്രത്യേകസാഹചര്യം മൂലം ആശുപത്രിയിൽ കൊണ്ടുപോയ കാര്യം തെളിയിക്കുവാൻവേണ്ടി അങ്ങനെ ഒരാളെ സാക്ഷിയാക്കണമെന്നുണ്ടെങ്കിൽ അയാളെ സാക്ഷിപട്ടികയിൽ ചേർക്കു ന്നതിനു മുൻപ് ഒന്നുകിൽ പ്രോസിക്യൂട്ടറുമായോ അല്ലെങ്കിൽ ജില്ലാ പോലീസ് സുപ്രണ്ടുമായോ ആലോചിച്ച് അഭിപ്രായം അറിഞ്ഞതിനുശേഷമേ അങ്ങനെ ചെയ്യാവു.

പോലീസ് ഡയറക്ടർ ജനറൽ
കേരളം